# പതിനഞ്ചാം കേരള നിയമസഭ
## മൂന്നാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്
## 07-10-2021
## (7) ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

2021 ഒക്ടോബർ 7-ാം തീയതി, നിയമനിർമ്മാണകാര്യത്തിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെ അവതരണവേളയിൽ, ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായിട്ടാണ് നിയമനിർമ്മാണം നടത്തുന്നതെന്നും ധനകാര്യ മെമ്മോറാണ്ടത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ലെന്നും പറഞ്ഞിരിക്കുന്നുവെന്നും പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോഴും അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതികൾ രൂപീകരിക്കുമ്പോഴും സർവ്വകലാശാലയുടെ ഫണ്ടിൽ അധികച്ചെലവുകൾ പ്രതീക്ഷിക്കേണ്ടതാണെന്നും നിയമനിർമ്മാണോദ്ദേശ്യം വ്യക്തമാക്കാതെയും കൃത്യമായ ധനകാര്യ മെമ്മോറാണ്ടമില്ലാതെയും

നിയമനിർമ്മാണം നടത്തുന്നത് ഉചിതമല്ലെന്നും ഇതുസംബന്ധിച്ച് റൂളിംഗ് നൽകണമെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിനാധാരമായ ഓർഡിനൻസ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമായി ഉദ്ദേശ്യകാരണങ്ങളിൽ പറഞ്ഞിട്ടുണ്ടെന്നും അന്തർസർവ്വകലാശാല കൂടിയാലോചനാ സമിതികളിൽ അംഗങ്ങളാകുന്നത് പ്രോ-ചാൻസലർ, വൈസ് ചാൻസലർ, മറ്റ് സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവരാണെന്നും പ്രസ്തുത അംഗങ്ങൾക്കായി യാതൊരു ചെലവും അധികമായി വരുന്നില്ലെന്നും പുതിയ കോഴ്സുകളുടെ അപേക്ഷ പരിഗണിക്കുന്നതിന് സിൻഡിക്കേറ്റിന് ഒരു മാസത്തെ സമയപരിധി ദീർഘിപ്പിച്ചുനൽകുന്നതിനാണ് ഈ നിയമഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നതെന്നും തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്നും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

**ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി.**

**“2021ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ നിലവിൽ വരുന്നതിലൂടെ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരുവിധ അധികച്ചെലവും വരുന്നതല്ലെന്നാണ് ഉന്നത വിദ്യാഭ്യാസ/നിയമ വകുപ്പുകളുടെ നിലപാട്. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.”**